**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 421 — 15.11.2019 - ൽ മറുപടിക്ക്.

# കുടുംബശ്രീ പ്രവർത്തനം വിപുലീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീമതി.യു.പ്രതിഭ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ. ഡി.കെ.മുരളി | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി) |
| (എ) സ്ത്രീ ശാക്തീകരണത്തിന്റെ ജനകീയ ഇടപെടലായതും രാജ്യത്തിന് മാതൃകയായതുമായ കുടുംബശ്രീ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) കുടുംബശ്രീയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനായി എല്ലാ കുടുംബശ്രീ അംഗങ്ങൾക്കും പരിശീലനം നൽകുന്നതിനായി കുടുംബശ്രീ സ്കൂൾ, വിവിധ തലങ്ങളിലുള്ള ഭാരവാഹികൾക്ക് പരിശീലനം നൽകുന്നതിനായി കേളി എന്ന പേരിൽ പരിശീലന പരിപാടി, തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനായി സമന്വയം പദ്ധതി, തീരദേശ മേഖലയിലെ സംഘടനാ ശാക്തീകരണത്തിനായി തീരശ്രീ, അയൽക്കൂട്ടാംഗങ്ങളുടെയും കുടുംബാംഗങ്ങളുടെയും സമഗ്ര വിവര ശേഖരണത്തിനായി ഇ നെസ്റ്റ്, അയൽക്കൂട്ടാംഗങ്ങളെ വട്ടിപ്പലിശക്കാരിൽ നിന്നും രക്ഷിക്കുന്നതിനായി സഹകരണ വകുപ്പുമായി ചേർന്ന് മുറ്റത്തെ മുല്ല, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്ററുകൾ എന്നിവരെ സാമൂഹ്യമായി സംഘടിപ്പിക്കുന്നതിനായി റിലേഷൻഷിപ്പ് കേരള എന്നിങ്ങനെ, കുടുംബശ്രീ സംഘടനാ ശാക്തീകരണത്തിനായും വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുന്നതിനായും ഒട്ടേറെ നൂതന പദ്ധതികൾ കഴിഞ്ഞ മൂന്നു വർഷക്കാലയളവിൽ നടപ്പിലാക്കി. വിശദാംശം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) വിപണി നിയന്ത്രിതമാണ് ഉല്പന്നങ്ങളുടെ ആവശ്യകതയെന്നതിനാൽ, കുടുംബശ്രീ ബ്രാൻഡിംഗ് ഏർപ്പെടുത്തുന്നതോടൊപ്പം ഉല്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) കുടുംബശ്രീയുടെ ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണി നിലവാരത്തിലേക്ക് എത്തിക്കുന്നതിനൊപ്പം ഉൽപന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കുന്നതിനായി 4 തരത്തിലുള്ള പ്രവർത്തനങ്ങളാണ് കുടുംബശ്രീ സ്വീകരിച്ചു വരുന്നത്.<br>**1. പ്രാദേശിക-ദേശീയ വിപണന മേളകളിലൂടെയുള്ള വിപണനം (മാസച്ചന്തകൾ, സരസ്സ് ഫെയറുകൾ, മറ്റ് വിപണനമേളകൾ)**<br>3,990 മാസചന്തകളും 249 പ്രാദേശിക വിപണന മേളകളും നാല് സരസ് മേളകളും 2,211 ഓണം വിപണന മേളകളും 234 ഭക്ഷ്യ മേളകളും കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ സംഘടിപ്പിച്ചു. ഇതു കൂടാതെ അന്യസംസ്ഥാനങ്ങളിൽ നടന്ന 45 സരസ് മേളകളിൽ കുടുംബശ്രീ സംരംഭകർ പങ്കെടുക്കുകയും ചെയ്തു. |

**2. കുടുംബശ്രീ ഉല്പന്നങ്ങൾക്കായി സ്ഥിരവിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ടുള്ള വിപണനം (ബസാർ, നാനോമാർക്കറ്റ്, കിയോസ്ക്, സംയോജിത വിപണന കേന്ദ്രങ്ങൾ)**

രണ്ട് കുടുംബശ്രീ ബസാറുകളും 711 നാനോ മാർക്കറ്റുകളും 39 കിയോസ്കുകളും ഇക്കാലയളവിൽ ആരംഭിച്ചു.

**3. കുടുംബശ്രീ ഉല്പന്നങ്ങൾ വീടുകളിലെത്തിക്കുന്നതിലൂടെയുള്ള വിപണനം (ഹോംഷോപ്പുകൾ)**

മൂന്നു ജില്ലകളിലാണ് ഹോം ഷോപ്പ് സംവിധാനം നിലവിലുള്ളത്. 1213 ഹോം ഷോപ്പ് ഓണർമാർ കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടു വരുന്നു. മറ്റ് ജില്ലകളിൽ ഹോം ഷോപ്പ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**4. ഓൺലൈൻ മാർക്കറ്റിംഗിലൂടെ വിപണനം.**

ഓൺലൈൻ വിപണനത്തിനായി കുടുംബശ്രീ ബസാർ എന്ന ഓൺലൈൻ പോർട്ടൽ ആരംഭിച്ചു. ഇതു കൂടാതെ ആമസോൺ സഹേലി എന്ന ഓൺ ലൈൻ മാർക്കറ്റിംഗ് സംവിധാനത്തിലൂടെയും കുടുംബശ്രീ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തിയിട്ടുണ്ട്.

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി മേൽ വിപണന പ്രവർത്തനങ്ങളിലൂടെ 111 കോടി രൂപയിലധികം വിറ്റുവരവ് കുടുംബശ്രീ സംരംഭകർക്ക് നേടിക്കൊടുക്കുവാൻ സാധിച്ചു. കുടുംബശ്രീ ഉല്പന്നങ്ങൾക്ക് കൂടുതൽ സ്വീകാര്യത വരുത്തുന്നതിനായി മികച്ച 50 ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് പൊതു വിപണിയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | വിവിധ സേവന രംഗങ്ങളിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ കാൽ ലക്ഷം വനിതകൾക്ക് മികച്ച വരുമാനം ലഭിക്കുന്ന സ്ഥായിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കുമോ; | (സി) | സേവന മേഖലയിൽ 50,000 യുവതീ യുവാക്കൾക്ക് സ്ഥായിയായ തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് എറൈസ്. പത്തു മേഖലകളിലായിട്ടാണ് ഇവർക്ക് പരിശീലനം നൽകുന്നത്. നിലവിൽ 11,985 യുവജനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി പരിശീലനം പൂർത്തിയാക്കുകയും 132 മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതു കൂടാതെ വിവിധ സേവന മേഖലകളായ ഡ്രൈവിംഗ്, ഖരമാലിന്യ നിർമ്മാർജ്ജനം, ഹോട്ടൽ & കാറ്ററിംഗ്, ഹോം സ്റ്റേ, വയോജന പരിപാലനം - ഹർഷം, ജീവിത ശൈലീ രോഗ നിർണ്ണയത്തിനായി സ്വാന്തനം ആരോഗ്യ വോളൻറിയർമാർ, വനിതകളുടെ കെട്ടിട നിർമ്മാണം തുടങ്ങിയവയിലൂടെയും വനിതകൾക്ക് മികച്ച വരുമാനം ലഭിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.ഈ മേഖലകളിലായി ഏകദേശം 44000 ആളുകൾ വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. |
| (ഡി) | കേരള പുനർനിർമ്മിതിയുടെ ഭാഗമായി കുടുംബശ്രീ വഴി ഉപജീവന പദ്ധതികൾ നടത്തി വരുന്നുണ്ടോ; കുടുംബശ്രീ വഴി എത്ര കുടുംബങ്ങൾക്ക് പ്രളയാനന്തരം പലിശരഹിത വായ്പ ലഭ്യമായെന്നതിന്റെ കണക്ക് ലഭ്യമാണോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. 2018 ലെ പ്രളയത്തിന് ശേഷം നവകേരള പുനർ നിർമ്മാണത്തിന്റെ ഭാഗമായി ആരംഭിച്ച ഉപജീവന പദ്ധതിയാണ് എറൈസ്. സേവന മേഖലയിൽ 50,000 യുവതീ യുവാക്കൾക്ക് സ്ഥായിയായ തൊഴിലും വരുമാനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ, ഇലക്ട്രോണിക്സ് റിപ്പയറിംഗ് തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി പഞ്ചായത്ത് തലത്തിൽ മൾട്ടി ടാസ്ക് ടീമുകൾ രൂപീകരിച്ച് വരുന്നു. നിലവിൽ 120 പഞ്ചായത്തുകളിൽ 132 എറൈസ് |

മൾട്ടി ടാസ്ക് ടീമുകൾ പ്രവർത്തിച്ചു വരുന്നു. ഒരു ടീമിൽ 3 മുതൽ 7 വരെയുള്ള അംഗങ്ങളാണ് ഉൾപ്പെടുന്നത്.

പ്രളയാനന്തരം കുടുംബശ്രീ മുഖേന നടപ്പാക്കിയ പലിശ രഹിത വായ്പാ പദ്ധതിയാണ് റിസർജെന്റ് കേരള ലോൺ സ്കീം. ഒൻപത് ശതമാനം പലിശക്ക് ബാങ്കുകൾ കുടുംബശ്രീ അംഗങ്ങൾക്ക് വായ്പ ലഭ്യമാക്കും. ഈ പലിശ തുക സർക്കാർ പ്രസ്തുത അംഗത്തിന്റെ അകൗണ്ടിലേക്ക് നിക്ഷേപിക്കും. ഈ പദ്ധതി പ്രകാരം ആകെ 28,212 അയൽക്കൂട്ടങ്ങൾ വഴി 1.95 ലക്ഷം പേർക്ക് 1,680 കോടി രൂപ പലിശ രഹിത വായ്പയായി നൽകിയിട്ടുണ്ട്. പ്രളയത്തിൽ ഉപജീവന ഉപാധികൾ നഷ്ടപ്പെട്ട സംരംഭകർക്കും സംഘകർഷകർക്കും സമാശ്വാസമായി പ്ലാനിംഗ് ബോർഡ് അംഗീകരിച്ച പ്രത്യേക പദ്ധതി പ്രകാരം 25 കോടി രൂപയുടെ നഷ്ടപരിഹാര പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഇതുകൂടാതെ കേരള പുനർനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി കുടുംബശ്രീ അംഗങ്ങൾക്കായി 250 കോടിയുടെ പ്രത്യേക പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്.

(ഇ) മുട്ട, കോഴിയിറച്ചി എന്നിവയുടെ വിപണന രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ഇ) ഉണ്ട്. മുട്ട വിപണന രംഗത്ത് കുടുംബശ്രീയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനു വേണ്ടി 'ജെനോവ' എന്ന പദ്ധതിയും കോഴി ഇറച്ചി വിപണന രംഗത്ത് പ്രവർത്തനം വിപുലീകരിക്കുന്നതിനുവേണ്ടി 'കേരള ചിക്കൻ' എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. 2018-19 വർഷം ആരംഭിച്ച കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 800 ബ്രോയിലർ ഫാമുകൾ ആരംഭിച്ചു. കുടുംബശ്രീ അംഗങ്ങളായ ഇറച്ചിക്കോഴി കർഷകരെ ഉൾപ്പെടുത്തി കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചു.

സെക്ഷൻ ഓഫീസർ

## സംഘടനാ ശാക്തീകരണം

കഴിഞ്ഞ മൂന്നുവർഷക്കാലയളവിൽ സംസ്ഥാനത്ത് 41,962 അയൽക്കൂട്ടങ്ങൾ പുതുതായി രൂപീകരിച്ചു. ഇതിലൂടെ 4,83,568 കുടുംബങ്ങൾ കുടുംബശ്രീയിൽ അയൽക്കൂട്ടങ്ങളിലേക്ക് കടന്നുവന്നു. നിലവിൽ ആകെ 2,91,507 അയൽക്കൂട്ടങ്ങളിലായി 43,93,579 കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളായിട്ടുണ്ട്. 22,482 വയോജന അയൽക്കൂട്ടങ്ങൾ ഇക്കഴിഞ്ഞ രണ്ട് വർഷം കൊണ്ട് രൂപീകൃതമായിട്ടുണ്ട്. ഇതിലൂടെ 2,79,111 വയോജനങ്ങൾ പ്രത്യേക അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായി. ഭിന്നശേഷി വിഭാഗത്തിൽ 4,204 അയൽക്കൂട്ടങ്ങളും അതിലൂടെ 45,325 ആളുകളും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഭാഗമായി. 43 ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങൾ ഇക്കാലയളവിൽ രൂപീകരിക്കാൻ കഴിഞ്ഞു. 498 ആളുകൾ ഇതിൽ അംഗങ്ങളാണ്.

വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് മതിയായ വരുമാനം ലഭിക്കുന്നതിന് ഈ പ്രവർത്തനങ്ങളെ ശാസ്ത്രീയമായി പുന:സംഘടിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞതിന്റെ ഫലമായി ഈ മേഖലയിൽ കഴിഞ്ഞ മൂന്നു വർഷമായി നിരവധി ഇടപെടലുകൾ നടത്തി. ഇതിന്റെ ഫലമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് മൂന്നു വർഷം കൊണ്ട് 10,318 സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുകയും ഈ മേഖലയിൽ വിവിധ സാമ്പത്തിക സഹായമായി 13.85 കോടി രൂപ സംരംഭകർക്ക് ലഭ്യമാക്കുകയും ചെയ്തു.

പ്രളയ ബാധിത മേഖലകളിൽ തൊഴിൽ പരിശീലനത്തിനായി എറൈസ്, വയോജനങ്ങൾ, വിധവകൾ, ഭിന്ന ശേഷി വിഭാഗങ്ങൾ എന്നിവർക്കായി പ്രത്യാശ, അരക്ഷിത സമൂഹാംഗങ്ങൾക്ക് സംരംഭത്തിലേക്ക് കടന്നു വരുന്നതിനായി സ്റ്റാർട്ട് അപ്പ് ഫണ്ട് എന്നീ പദ്ധതികളും ഇക്കാലയളവിൽ നടപ്പിലാക്കി. ഇതു കൂടാതെ സംരംഭ മേഖലയുടെ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന നിരവധി പ്രവർത്തനങ്ങളും കുടുംബശ്രീ നടപ്പിലാക്കി.

### വൈദഗ്ധ്യ പരിശീലനത്തിന്റെ പുന: സംഘാടനം

കുടുംബശ്രീ സംരംഭകർക്കായുള്ള വൈദഗ്ധ്യ പരിശീലനത്തിനായി നിയതമായ സിലബസോ സമയക്രമമോ ഉണ്ടായിരുന്നില്ല. ആദ്യമായി ഈ രംഗത്ത് ശാസ്ത്രീയമായ സിലബസും പരിശീലനത്തിന് വ്യക്തമായ മാനദണ്ഡങ്ങളും രൂപീകരിച്ചു. പരിശീലന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന വിഷയങ്ങളെ എ, ബി, സി എന്നിങ്ങനെ മൂന്നു വിഭാഗമായി തിരിച്ചു. ഇപ്രകാരം 56 മേഖലകൾ ഉൾപ്പെടുത്തി ഏകീകൃത സിലബസ് നടപ്പിലാക്കി. എല്ലാ ജില്ലകളിലും മതിയായ പരിശീലന ഏജൻസികളെ കണ്ടെത്തുന്നതിനായി ഏജൻസികളുടെ എംപാനൽമെന്റ് ജില്ലാടിസ്ഥാനത്തിലാക്കി. ഇപ്രകാരം വിവിധ മേഖലകളിലായി 178 ഏജൻസികളെ പതിനാല് ജില്ലകളിലുമായി കണ്ടെത്തി.

### സംരംഭകരുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ഓൺലൈൻ സംവിധാനം

മതിയായ വരുമാനം ലഭിക്കാത്തതിനാലും നടത്തിപ്പിലെ പിഴവുമൂലവും വിപണിയില്ലാത്തതിനാലും സംരംഭ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ കൊഴിഞ്ഞു പോക്ക് വളരെ കൂടുതലായിരുന്നു. മതിയായ ട്രാക്കിംഗ് സംവിധാനമില്ലാത്തതിനാൽ ഇപ്രകാരം പിന്നോട്ട് പോകുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ കൈത്താങ്ങ് നൽകുന്നതിനു പരിമിതികൾ ഉണ്ടായിരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കുടുംബശ്രീ സംരംഭകരുടെ സമഗ്ര വിവരം ഉൾക്കൊള്ളുന്നതും ഓരോ മാസവും ഇവരുടെ വിറ്റുവരവ് അടക്കമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനുമായി വെബ് അധിഷ്ഠിതമായ സോഫ്റ്റ് വെയർ നടപ്പിലാക്കി. 21,367 സംരംഭകർ നിലവിൽ ഈ സംവിധാനത്തിലേക്ക് കടന്നു വന്നിട്ടുണ്ട്. 8906 ഗ്രൂപ്പ് സംരംഭങ്ങളും 12461 വ്യക്തിഗത സംരംഭങ്ങളും ഇതിൽ ഉൾപ്പെടുന്നു.

### സംരംഭ ഓഡിറ്റിനായി പ്രത്യേക ടീം രൂപീകരിച്ചു.

കണക്കെഴുത്ത്, രേഖകളും രജിസ്റ്ററുകളും ശരിയായി സൂക്ഷിക്കുക തുടങ്ങിയ കാര്യങ്ങളിൽ നിലനിന്നിരുന്ന പോരായ്മ പരിഹരിക്കുന്നതിനായി സംരംഭ ഓഡിറ്റിംഗ് നിർബന്ധമാക്കി. ഇതിനായി എല്ലാ ജില്ലകളിലും അഞ്ചു പേരടങ്ങുന്ന സംരംഭ ഓഡിറ്റ് ടീം രൂപീകരിച്ചു, ഓഡിറ്റിനു പുറമേ സംരംഭകർക്ക് കണക്കെഴുത്തിൽ ആവശ്യമായ പരിശീലനവും ഇവർ നൽകി വരുന്നു.

**കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്കായി ജീവ ടീം**

കുടുംബശ്രീ അംഗങ്ങൾ ഉപജീവനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കാർഷിക മേഖലയെയാണ്. ഈ മേഖലയിൽ 65,031 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ നിലവിൽ കൃഷി ചെയ്യുന്നു. 30,330.37 ഹെക്ടർ സ്ഥലത്താണ് ഇവർ കൃഷി ചെയ്യുന്നത്. ലിങ്കേജ് വായ്പയിലൂടെ 1,400 കോടി രൂപ ഗ്രൂപ്പുകൾക്ക് ലഭ്യമാക്കി. 44 കോടി രൂപ ഗ്രൂപ്പുകൾക്ക് സബ്സിഡി ഇനത്തിലും ഇൻസന്റീവായും നൽകി. ഈ മേഖലയിൽ ആവശ്യമായ ശാസ്ത്രീയമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് മതിയായ വിപണി ഉറപ്പുവരുത്തുന്നതിനുമായി ജീവ (JEVA-JLG Evaluation Agent) എന്ന പേരിൽ കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൻമാരെ പരിശീലിപ്പിച്ച് നിയമിച്ചു. 605 ജീവ ഗ്രൂപ്പ് അംഗങ്ങൾ സംസ്ഥാനത്താകെ ഈ പ്രവർത്തനങ്ങളിൽ കുടുംബശ്രീ കർഷകരെ സഹായിച്ചു വരുന്നു.

**ഓർഗാനിക് കൃഷിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്ലസ്റ്റർ ലെവൽ കോ ഓർഡിനേറ്റേഴ്സ്**

10,000 ഹെക്ടറിൽ ജൈവകൃഷി ചെയ്ത് ഓർഗാനിക് (പിജിഎസ് -പാർട്ടിസിപ്പേറ്ററി ഗാരന്റി സിസ്റ്റംസ്) സർട്ടിഫിക്കറ്റോടു കൂടി കാർഷിക ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 3815 ഹെക്ടർ ഭൂമിയിൽ നിലവിൽ പൂർണമായും ജൈവ കൃഷി ചെയ്തു വരുന്നു. ജൈവ കൃഷിയുടെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനും കർഷകർക്കാവശ്യമായ സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുമായി 50 ജെ എൽ ജി ഗ്രൂപ്പുകൾക്ക് ഓരാൾ എന്ന നിലയിൽ 402 ക്ലസ്റ്റർ ലവൽ കോ ഓർഡിനേറ്റർമാരെ കമ്മ്യൂണിറ്റി റിസോഴ്സ്പേഴ്സൻമാരായി പരിശീലിപ്പിച്ച് നിയോഗിച്ചു.

**കാർഷിക മേഖലയിൽ ഇടത്തരം, ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ, പ്ലാൻറ് നേഴ്സറി, ഔഷധ സസ്യ കൃഷി, അഗ്രി തെറാപ്പി, സ്മാർട്ട് അഗ്രി വില്ലേജ് എന്നീ നൂതന പദ്ധതികളും കാർഷിക മേഖലയിൽ കഴിഞ്ഞ മൂന്നു വർഷമായി നടപ്പിലാക്കി.**

കുടുംബശ്രീ മൃഗസംരക്ഷണ മേഖലയിൽ തെരുവ് നായകളുടെ വന്ധ്യംകരണത്തിനായി ആനിമൽ ബർത്ത് കൺട്രോൾ യൂണിറ്റ്, നാടൻ മുട്ട വിപണനത്തിനും മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിനുമായി ജെനോവ, പാലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണത്തിനായി മിൽക്കി ലാറ്റെ എന്നീ പദ്ധതികളും ഇക്കാലയളവിൽ ആരംഭിച്ചു. ഇതിന്റെ ഭാഗമായി 9,070 ഗുണഭോക്താക്കൾക്ക് 20 കോടി രൂപ സാമ്പത്തിക സഹായം നൽകി. തെരുവ് നായ വന്ധ്യംകരണ പദ്ധതിയുടെ ഭാഗമായി 44,919 തെരുവുനായ്ക്കളെ പിടി കൂടി വന്ധ്യംകരിച്ചു. ഇതിലൂടെ 9.43 കോടി രൂപ കുടുംബശ്രീ എ.ബി.സി യൂണിറ്റുകൾക്ക് ലഭ്യമായിട്ടുണ്ട്. ഇതു കൂടാതെ മുൻ പദ്ധതികളായ ക്ഷീരസാഗരം, ആട് ഗ്രാമം, കാട വളർത്തൽ എന്നീ പദ്ധതികളും ഉപജീവന പ്രവർത്തനമായി തുടരുന്നു.

**കേരള ചിക്കൻ പദ്ധതി**

കുടുംബശ്രീ സംരംഭകർക്ക് അത്യാധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ മുൻപിൻ ബന്ധങ്ങൾ ഉറപ്പാക്കി കൊണ്ട് മികച്ച വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരള ചിക്കൻ എന്ന പദ്ധതി ആരംഭിച്ചു. ഇറച്ചി കോഴി വളർത്തൽ മുതൽ സംസ്കരണം, മൂല്യ വർദ്ധിത ഉല്പന്ന നിർമ്മാണം, വിപണനം അടക്കമുള്ള എല്ലാ പ്രവർത്തനങ്ങളും കോർത്തിണക്കിയാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

Adhiyulal